# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ :8419/11/12/2023/

പരാതികക്ഷി : രാജേന്ദ്രൻ, തൊടിയിൽ വീട്, പാലാങ്കോണം
പെരുംകുളം ,തിരുവനന്തപുരം

എതിർകക്ഷികൾ

ഉത്തരവ് തീയതി 07.03.2025

മണമ്പൂർ ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡിലെ താമസക്കാരായ 65 പേർ ഒപ്പിട്ട് സമർപ്പിച്ച പരാതിയാണിത്. മണമ്പൂർ ഗ്രാമപഞ്ചായത്തിൽ മണനാക്ക് ആലങ്കോട് റോഡിൽ പാലാംകോണം ഭാഗത്ത് നിന്ന് ആരംഭിച്ച അമ്പലത്തും പണ വഴി മണമ്പൂർ റോഡിൽ എത്തിച്ചേരുന്ന റോഡിൻറെ ഇരുവശങ്ങളിലേയും താമസക്കാരാണ് പരാതിക്കാർ, ടി റോഡ് മണമ്പൂർ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ടെന്നും, ഈ റോഡ് ഗതാഗതയോഗ്യമല്ലാതെ ആയിട്ട് വർഷങ്ങൾ കഴിയുന്നു എന്നും, റോഡിൻറെ പുനരുദ്ധാരണത്തിനോ നവീകരണത്തിനോ ഗ്രാമപഞ്ചായത്ത് അധികാരികൾ ഫണ്ട് അനുവദിക്കുന്നില്ല എന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിൽപറയുന്ന പാലംകോണം അമ്പലത്തും പണ ഇന്ദിരാ റോഡ് സ്വകാര്യ റോഡ് ആയിരുന്നുവെന്നും, ഈ റോഡിന് 1200 മീറ്റർ നീളമുള്ളതും 2023 ൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും, 2024 -2025 സാമ്പത്തിക വർഷം പഞ്ചായത്ത് പദ്ധതി തയ്യാറാക്കി 9 ലക്ഷം രൂപ വകയിരുത്തി 120 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും തുടർന്ന് 2024-25 സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി പ്രകാരം ഈ റോഡിന് 45 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 07.03.2025 തീയതി ഹർജികക്ഷി ഹാജരായില്ല. മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാന ബജറ്റ് അനുവദിച്ച 45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പദ്ധതിയുടെ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തിയാക്കി മേൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടു കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ